(ഡി) നിയമോപദേശം തേടിയ റിപ്പോർട്ടുകളിന്മേലും അല്ലാത്തവയിലും വിജിലൻസ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; എത്ര കേസ്സുകൾ അവസാനിച്ചിച്ചു, അവ ഏതെല്ലാം ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. (വി.സി.06/2014/എസ്.ഐ.യു I)

(ബി) ബാർ കോഴ ആരോപണം സംബന്ധിച്ച് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. എന്നാൽ മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് (വി.സി. 06/2014/ എസ്.ഐ.യു I) നിലവിലുള്ളത്. സത്വരാന്വേഷണത്തിലും പ്രാഥമിക അന്വേഷണത്തിലും അന്വേഷണരീതി ഒന്നു തന്നെയാണ്. പേരിന്റെ വ്യത്യാസം മാത്രമേയുള്ളൂ.

(സി&ഡി) മുൻ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിൽ (കൃ.വി. 14/2014/എസ്.ആർ.റ്റി.) അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനായി ശുപാർശ ചെയ്തിരുന്നതിനാൽ നിയമോപദേശം തേടിയിരുന്നു. ഇതിൻ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും മതിയായ തെളിവില്ലാത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അനന്തര നടപടികൾ അവസാനിപ്പിക്കാനായുള്ള അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി അംഗീകരിക്കാതെ തുടരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ശ്രീ. കെ. ബാബുവിനെതിരെ ബാർകോഴ ആരോപണം സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിയതിൽ തെളിവില്ലാത്തതിനാൽ മേൽ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം എടുത്തിരുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശരി വച്ചു.

ബാർ കോഴ കേസിലെ വിധി

295 (305) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തെ വിജിലൻസ് സ്പെഷ്യൽ കോടതി വിധി പ്രസ്താവം എന്തായിരുന്നു; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിധിക്കെതിരെ ഹൈക്കോടതിയിൽ ഹർജി നൽകുകയുണ്ടായോ ; ഹർജിയിലെ ആവശ്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി അഡ്വ. കപിൽ സിബൽ ഹാജരാവുകയുണ്ടായോ ; അതിനായി എത്ര രൂക ചെലവ് വരുമെന്ന് അറിയിക്കുമോ ;

(ഡി) ഹൈക്കോടതി ഈ കേസിൽ നടത്തിയ വിധി പ്രസ്താവം എന്തായിരുന്നു ; വിശദമാക്കുമോ ; ഹൈക്കോടതി വിധിയിലെ ഏതെങ്കിലും പരാമർശത്തിനെതിരെ സുപ്രീം കോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ബാർ കോഴ കേസ്സിൽ ബഹു. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി തുടരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നു.

(ബി) പ്രസ്തുത കീഴ് കോടതി വിധി വിജിലൻസ് ഡയറക്ടറുടെ നിലവിലുള്ള കേസ്സുകളുടെ അന്വേഷണത്തിലുള്ള അധികാരം ഇല്ലാതാക്കുന്നവിധത്തിൽ ആയിരുന്നതിനാൽ ഇതിനെതിരെയാണ് വിജിലൻസ് ഡയറക്ടർ സർക്കാർ അനുമതിയോടെ റിട്ട് ഹർജി ഫയൽ ചെയ്തത്.

(സി) ഹാജരായി. ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിധിയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു : വിജിലൻസ് ഡയറക്ടർക്ക്, വിജിലൻസ് മാന്വലും ബന്ധപ്പെട്ട നിയമങ്ങളും അനുസരിച്ച് അധികാരങ്ങൾ നിലനിർത്തുവാനാണ് വിധിയിലൂടെ ബഹു.ഹൈക്കോടതി ഉത്തരവിട്ടത്. കൂടാതെ ടി കേസിൽ പുറത്തുനിന്നും നിയമോപദേശം തേടിയതിൽ അപാകതയില്ല എന്ന് അഭിപ്രായപ്പെട്ടിരിക്കുകയാണ്. തിരുവനന്തപുരം എൻകയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ തുടരന്വേഷണ ഉത്തരവ് ശരിവച്ച സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടില്ല.

ബാർ കോഴ തുടരന്വേഷണം

296 (306) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly